## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T. 2745 09/05/2017-ൽ മറുപടിയ്ക്ക്
## നവകേരളം മിഷൻ ലൈഫ് ഭവന പദ്ധതി

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നവകേരളം മിഷനു കീഴിൽ എന്തെങ്കിലും ഭവന നിർമ്മാണ - പുനരധിവാസ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് നവ കേരള മിഷന് കീഴിൽ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടമായി പദ്ധതിയിൽ ഉൾപ്പെടാൻ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംഘടനാ സംവിധാനം ഉപയോഗപ്പെടുത്തി സംസ്ഥാനമൊട്ടാകെ സംഘടിപ്പിച്ചിട്ടുള്ള സർവ്വെ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ വെരിഫിക്കേഷൻ നടന്നുവരുന്നു. |
| (ബി) | ഭവന നിർമ്മാണ - പുനരധിവാസ പദ്ധതിയിൻ കീഴിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും മറ്റുമുള്ള നടപടിക്രമങ്ങൾ എങ്ങനെയാണ്; വ്യക്തമാക്കുമോ; | (ബി) | ഭൂമിയുള്ള ഭവനരഹിതർ, ഭൂരഹിത ഭവന രഹിതർ, പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖയിലോ താൽക്കാലിക ഭവനം ഉള്ളവർ, വിവിധ ഭവന പദ്ധതികളിൽ ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ എന്നിവരെയാണ് പദ്ധതി ഗുണഭോക്താക്കളായി നിശ്ചയിച്ചിട്ടുള്ളത്. ടിയാളുകളെ കണ്ടെത്തുന്നതിനായി സംസ്ഥാനമൊട്ടാകെ കുടുംബശ്രീ മുഖാന്തിരം നടത്തിയ സർവ്വെ പൂർത്തിയായിട്ടുണ്ട്. വെരിഫിക്കേഷൻ നടന്നു വരുന്നു. ആയത് പൂർത്തീകരിക്കുന്നതോടുകൂടി അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും കണ്ടെത്താൻ സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഇതിനായി ആർക്കാണ് അപേക്ഷ നൽകേണ്ടത്; അപേക്ഷ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ടോ; എത്ര തുകയാണ് ഓരോ ഭവനത്തിനും നൽകുന്നത്; തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പൂർണ്ണ വിശദാംശം വെളിപ്പെടുത്തുമോ; | (സി) | പദ്ധതിയിൽ ഉൾപ്പെടാൻ അർഹരായ ഗുണഭോക്താക്കളെ കുടുംബശ്രീ മുഖാന്തിരം സർവ്വെ നടത്തി കണ്ടെത്തുവാൻ നിശ്ചയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ സർവ്വെ നടത്തുകയും ചെയ്തിട്ടുണ്ട്. വെരിഫിക്കേഷൻ നടപടികൾ പൂർത്തിയായി വരുന്നു. ഭൂമിയുള്ള ഭവനരഹിതർ, ഭൂരഹിത ഭവന രഹിതർ, പുറമ്പോക്കിലോ തീരദേശമേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ, വിവിധ ഭവന പദ്ധതികളിൽ ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ എന്നിവരെയാണ് പദ്ധതി ഗുണഭോക്താക്കളായി നിശ്ചയിച്ചിട്ടുള്ളത്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് നൽകുന്ന ധനസഹായം പൊതു വിഭാഗത്തിന് 3.5 ലക്ഷം രൂപയും പട്ടികജാതി വിഭാഗം, തോട്ടം-മത്സ്യബന്ധനമേഖലയിൽ ഉള്ളവർക്കും 4 ലക്ഷം രൂപയും ആയി നിജപ്പെടുത്തുവാൻ 5/4/2017-ലെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചു പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയിൻ കീഴിൽ ഏറനാട് മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ ആരെല്ലാമാണ്; വ്യക്തമാക്കുമോ ? | (ഡി) | പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വെ നടപടികൾ പൂർത്തിയായിട്ടുണ്ട്. സർവ്വെയുടെ വെരിഫിക്കേഷൻ നടന്നുവരുന്നു. ആയത് പൂർത്തിയാകുന്നതോടുകൂടി മാത്രമേ ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ